(10) കർഷകർക്ക് സൗജന്യ വൈദ്യുതി

ശ്രീ. കെ. അച്ചുതൻ: സർ, രേഖകൾ അനുസരിച്ച് കേരളത്തിലെ ഏറ്റവും വലിയ വരൾച്ചാ ബാധിത പ്രദേശം ചിറ്റൂരാണ്. അവിടെ 10-15 വർഷമായി നെൽകർഷകർക്ക് പരിപൂർണ്ണമായും കരകർഷകർക്ക് അഞ്ചേക്കർവരെയും സൗജന്യ വൈദ്യുതി കൊടുത്തുകൊണ്ടിരുന്നതാണ്. എന്നാൽ കഴിഞ്ഞ പാർലമെന്റ് ഇലക്ഷന് തൊട്ടുമുമ്പായി കുറെയാളുകളുടെ വൈദ്യുതി ഡിസ്കണക്ട് ചെയ്യുന്ന സാഹചര്യം വന്നു. എന്താണെന്ന് അന്വേഷിച്ചപ്പോൾ കൃഷി വകുപ്പിൽനിന്നും ഇലക്ട്രിസിറ്റി ബോർഡിന് പണം അടച്ചില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. കൃഷി വകുപ്പ് വ്യത്യസ്തമായ അഭിപ്രായങ്ങളാണ് പറയുന്നത്. ഒരു കർഷകന് ഒരു മോട്ടോർ കണക്ഷൻ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ എന്നാണ് കൃഷി വകുപ്പ് പറയുന്നത്. 700-800 അടി ആഴത്തിൽ നിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് അടുത്ത ഒരു കിണറിലേയ്ക്ക് ഒഴുക്കി കിണറിൽ നിന്നും വീണ്ടും പമ്പ് ചെയ്താണ് ആളുകൾ കൃഷി ചെയ്യുന്നത്. ഇതുവരെ കർഷകർക്ക് സബ്സിഡി കിട്ടിക്കൊണ്ടിരുന്നതാണ്. ഈ ആനുകൂല്യം ഒരു കാരണവശാലും നിർത്തരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഓരോ തവണ ഇലക്ഷൻ വരുമ്പോഴും വൈദ്യുതി ഡിസ്കണക്ട് ചെയ്യുകയാണ്. ഇക്കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷനുമുമ്പായി ഡിസ്കണക്ട് ചെയ്യാൻ വന്നപ്പോൾ ഞാൻ ആളുകളെ വിട്ട് തടഞ്ഞതിനാൽ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ദയവുചെയ്ത് ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ള പണം നൽകുകയോ അല്ലെങ്കിൽ തൽക്കാലം അടയ്ക്കാമെന്നെങ്കിലും പറഞ്ഞ് ഡിസ്കണക്ഷൻ നോട്ടീസ് തടയാനുള്ള വഴിയുണ്ടാക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സംസ്ഥാനത്തെ കാർഷിക മേഖല ശക്തി പ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷികാവശ്യത്തിന് സൗജന്യവൈദ്യുതി 1995-96 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരികയാണ്. നെൽകൃഷിക്ക് പൂർണ്ണമായും സൗജന്യമായി വൈദ്യുതി അനുവദിച്ചിരുന്നു. എന്നാൽ 31-10-1998-ലെ സർക്കാർ ഉത്തരവ് 235/95/കൃഷി. പ്രകാരം രണ്ട് ഹെക്ടർവരെ കരഭൂമിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കാർഷിക വിളകൾക്കും 1997 മുതൽ ഈ ആനുകൂല്യം ബാധകമാക്കിയിരുന്നു. കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി കർഷകർക്കുള്ള മാനദണ്ഡങ്ങൾ സർക്കാർ നിഷ്കർഷിച്ചത് ഇപ്രകാരമാണ്. 30 സെന്റ് ഭൂമിയിൽ കുറയാതെ കൃഷിഭൂമിയുള്ളവരും അതിൽ 75 ശതമാനത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവരുമായ വ്യക്തികൾ, 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ, 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ. കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പാണ് വൈദ്യുതി ബോർഡിന് നൽകിവരുന്നത്. 2013-ലെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം കാർഷിക മേഖലയിലെ വൈദ്യുതി സബ്സിഡി ആനുകൂല്യം നൽകുന്നതിന് നിലവിലെ ഉപഭോക്താക്കളെ വിവിധ കാറ്റഗറിയിൽ വൈദ്യുതി ബോർഡ് തരംതിരിക്കുകയുണ്ടായി. ഇതിൻപ്രകാരം ഭക്ഷ്യ വിളകൾക്കുള്ള ജലസേചനം LTV-A, HT-III-A വിഭാഗങ്ങളിൽ കുറഞ്ഞ യൂണിറ്റ് നിരക്കിലും ഫ്ലോറികൾച്ചർ, പോളിഹൗസ് കൃഷി, നഴ്സറി എന്നിവ അല്പം ഉയർന്ന യൂണിറ്റ് നിരക്കുകളിൽ LTV-B, HT-III-B വിഭാഗങ്ങളിലും തരംതിരിച്ചിരുന്നു. തെങ്ങ്, സുഗന്ധവിള കൃഷി എന്നിവ മേൽ വിഭാഗത്തിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. എങ്കിലും അത് പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് കൃഷി വകുപ്പിന്റെ സമ്മർദ്ദത്താലും കാർഷിക മേഖലയിൽ നിന്നുള്ള ഇടപെടലുംമൂലം കെ.എസ്.ഇ.ബി. പിന്നീട്, പുറപ്പെടുവിക്കുകയുണ്ടായി. കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിലുൾപ്പെട്ട എല്ലാ കർഷകരുടെയും വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പ് ഇപ്പോഴും കെ.എസ്.ഇ.ബി.ക്ക് നൽകിവരികയാണ്. 2015-16 വർഷം ഇതിനായി 32 കോടി 79 ലക്ഷം രൂപയാണ് കൃഷി വകുപ്പ് ചെലവഴിച്ചുവരുന്നത്. ഇതുകൂടാതെ പോളിഹൗസ് കൃഷിക്കുള്ള വൈദ്യുതിക്കും 2015-16 വർഷം കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്. ഒരു സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസുകൾക്ക് പ്രത്യേക വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിലൂടെ 50 യൂണിറ്റ് വരെ പ്രതിമാസം സൗജന്യ വൈദ്യുതി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly